**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3808** **03-03-2023 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. മുഖേനയുള്ള നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | രാജ്യത്ത് ഏറ്റവും മികച്ച പ്രകടനം നടത്തുന്ന സർക്കാർ റിക്രൂട്ടിംഗ് ഏജൻസിയായി കേരള പബ്ലിക് സർവീസ് കമ്മീഷനെ മാറ്റിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കേരള പബ്ലിക് സർവീസ് കമ്മീഷൻ രാജ്യത്തെ ഏറ്റവും മികച്ച പ്രകടനം നടത്തുന്ന റിക്രൂട്ടിംഗ് ഏജൻസിയാണ്. പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സുതാര്യമായും വളരെ വേഗത്തിലും നടത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>1) പി.എസ്.സി മുഖേനയുള്ള തെരെഞ്ഞെടുപ്പ് നടപടികൾക്ക് ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു.<br><br>2) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ സംവിധാനങ്ങളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.<br><br>3) ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷകൾ കുറ്റമറ്റ രീതിയിൽ സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>4) ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനായി ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>5) പരീക്ഷകൾ ഓൺലൈനായി നടത്തുന്നതിനായി പി.എസ്.സി സ്വന്തമായി ആസ്ഥാന ഓഫീസിലും വിവിധ ജില്ലകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഗവണ്മെന്റ്/സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്തുവരുന്നു.<br><br>6) നിയമന ശിപാർശ നടപടികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | അന്തിമ ഘട്ടത്തിലാണ്.<br><br>7) സാധ്യതാ പട്ടിക, ചുരുക്കപ്പട്ടിക, റാങ്ക് പട്ടിക എന്നിവ കുറ്റമറ്റ രീതിയിൽ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് പി.എസ്.സി തയ്യാറാക്കി വരുന്നത്.<br><br>8) റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി എസ്.എസ്.എൽ. സി, പ്ലസ് ടു, ഡിഗ്രി എന്നിവ അടിസ്ഥാന യോഗ്യതകളായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് എസ്.എസ്.എൽ.സി ലെവൽ, പ്ലസ് ടു ലെവൽ, ഡിഗ്രി ലെവൽ എന്നിങ്ങനെ പൊതു പ്രാഥമിക പരീക്ഷകൾ നടത്തിയതിനു ശേഷം ഫൈനൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>9) 31.12.2022 തീയതി വരെ വിജ്ഞാപനം ചെയ്ത തസ്തികകളുടെ പരീക്ഷകൾ 2023 ഡിസംബർ മാസത്തിനകം നടത്തുന്നതിനുള്ള പരീക്ഷാ കലണ്ടർ പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ഓരോ വകുപ്പും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പി.എസ്.സി. നിയമന നടപടികൾ ആരംഭിക്കുന്ന നിലവിലെ രീതി പലപ്പോഴും കാലതാമസത്തിന് ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഓൺലൈനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതിലൂടെ ഒഴിവുകൾ വേഗത്തിൽ പി.എസ്.സി ക്കു റിപ്പോർട്ട് ചെയ്യാൻ കഴിയുന്നുണ്ട്.<br><br>ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതും, റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നതും സംബന്ധിച്ച വിഷയങ്ങൾ പരിശോധിച്ച് സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങൾ, പി.എസ്.സി യിലെയും സർക്കാരിലേയും ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി 17.01.2023ലെ G.O (Ms)No.01/2023/P&ARD നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഓരോ വകുപ്പിലെയും ഒഴിവുകൾ പി.എസ്.സി.യ്ക്ക് നേരിട്ട് മനസ്സിലാക്കുവാനും അതിൻ പ്രകാരം നിയമന നടപടികൾ കാലതാമസം കൂടാതെ ആരംഭിക്കുവാനും കഴിയുന്ന ഒരു സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ഓൺലൈനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതിലൂടെ ഒഴിവുകൾ വേഗത്തിൽ പി.എസ്.സി ക്കു റിപ്പോർട്ട് ചെയ്യാൻ കഴിയുന്നുണ്ട്.<br><br>ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതും, റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നതും സംബന്ധിച്ച വിഷയങ്ങൾ പരിശോധിച്ച് സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കേരള പബ്ലിക് സർവീസ് |

| | | | |
|---|---|---|---|
| | | | കമ്മീഷൻ അംഗങ്ങൾ, പി.എസ്.സി യിലെയും സർക്കാരിലേയും ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി 17.01.2023ലെ G.O (Ms)No.01/2023/P&ARD നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | സ്പെഷ്യൽ റൂൾസ് രൂപീകരണത്തിനുള്ള നടപടികൾ വേഗത്തിലാക്കുവാനും നിയമനം പി.എസ്.സി. യ്ക്ക് വിട്ടുനൽകിയ എല്ലാ സ്ഥാപനങ്ങളിലെയും നിയമന നടപടികൾ വേഗത്തിലാക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | നിയമനം പി.എസ്.സി ക്ക് വിട്ട സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി മുഖേന നടത്തുന്നതിനായി നിയമനചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കുവാൻ എല്ലാ ഭരണവകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ